# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 8191 17.07.2014 - ൽ മറുപടിക്ക്

## കേരള ജല അതോറിറ്റിയുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) കേരള ജല അതോറിറ്റിയുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2009 മുതൽ 2014 വരെയുള്ള കാലയളവിൽ സർക്കാരിന്റെ ധനസഹായമായി ലഭിച്ച തുക എത്രയാണ്; ഇതിൽ എന്ത് തുക ചെലവഴിക്കുകയുണ്ടായി;

(എ) വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | ചിലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2008-2009 | ഇല്ല | - |
| 2009-2010 | 50.00 | 11.03 |
| 2010-2011 | 300.00 | 33.65 |
| 2011-2012 | 100.00 | 67.78 |
| 2012-2013 | 115.00 | 39.5325 |
| 2013-2014 | 200.00 | 110.2050 |

(ബി) ജല അതോറിറ്റിയുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നബാർഡിൽ നിന്ന് എന്ത് തുക വായ്പയായി ലഭിക്കുകയുണ്ടായി; വായ്പ ലഭിച്ചത് ഏത് വർഷത്തിലായിരുന്നു; ഇതിൽ എത്ര തുക ചെലവഴിക്കുകയുണ്ടായി;

(ബി) നിലവിലുള്ള കുടിവെള്ള പദ്ധതികളിലെ കേടായ പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ വിവിധ ഡിവിഷനിലേക്ക് 3409.79 ലക്ഷത്തിന്റെ അംഗീകാരം സർക്കാരിൽ നിന്നും ജി.ഒ. (ആർ.റ്റി.) നം. 1305/2010/ജവിവ തീയതി 19/11/2010 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിൽ നബാർഡിന്റെ ധനസഹായം 2898.32 ലക്ഷം രൂപയാണ്. 1271.56 ലക്ഷം രൂപ ഇതുവരെ ഈ പദ്ധതിക്കായി ചിലവായി.

| | |
|---|---|
| (സി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ലഭിച്ച സർക്കാർ ധനസഹായവും നബാർഡ് വായ്പയും സമയോചിതമായി ചെലവഴിക്കാത്തതു സംബന്ധിച്ച് കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണത്തിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ? | (സി) കേരള ജല അതോറിറ്റിയിൽ പവർ ഫാക്ടർ പെനാൽറ്റി സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നടത്തിയ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ അതിനോടനുബന്ധിച്ച മേഖലകളിൽ പവർ കപ്പാസിറ്റർ ഘടിപ്പിക്കാനുള്ള നിർദ്ദേശം നല്കുകയും സമയബന്ധിതമായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടന്നുവരികയുമാണ്. |

സെക്ഷൻ ഓഫീസർ